(ബി) പ്രസ്തുത നഗരങ്ങളിൽ ജലവിതരണ പദ്ധതികൾ വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, ആറ്റിങ്ങൽ, പരവൂർ, പത്തനംതിട്ട, അടൂർ, ആലപ്പുഴ, ചേർത്തല, കായംകുളം, കോട്ടയം, പാലാ, തൊടുപുഴ, പറവൂർ, തൃപ്പൂണിത്തുറ, വൈക്കം, ചാവക്കാട്, കുന്നംകുളം, ഗുരുവായൂർ, കൊടുങ്ങല്ലൂർ, പാലക്കാട്, ചിറ്റൂർ, ഒറ്റപ്പാലം, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, തിരൂർ, വടകര, കൊയിലാണ്ടി, കൽപ്പറ്റ, പയ്യന്നൂർ, തളിപ്പറമ്പ്, കൂത്തുപറമ്പ്, തലശ്ശേരി, കാസർഗോട്, കാഞ്ഞങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ജലവിതരണപദ്ധതികളിൽ നിന്നും ജലം ആവശ്യത്തിന് തികയാതെ വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, ആറ്റിങ്ങൽ, പരവൂർ, കോട്ടയം, പാലാ, ചേർത്തല, ആലപ്പുഴ, കായംകുളം, തൃപ്പൂണിത്തുറ, പറവൂർ, ഗുരുവായൂർ, ചാവക്കാട്, കൊടുങ്ങല്ലൂർ, ഒറ്റപ്പാലം, പാലക്കാട്, പെരിന്തൽമണ്ണ, തിരൂർ, കൽപ്പറ്റ, പയ്യന്നൂർ, തളിപ്പറമ്പ്, കൂത്തുപറമ്പ്, തലശ്ശേരി എന്നീ മുനിസിപ്പാലിറ്റികളിലും വിപുലീകരണ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. അടൂർ, വൈക്കം, തൊടുപുഴ, കുന്നംകുളം, ചിറ്റൂർ, മഞ്ചേരി, മലപ്പുറം, വടകര, കൊയിലാണ്ടി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ മുനിസിപ്പാലിറ്റികളിലും ശുദ്ധജലവിതരണത്തിനായുള്ള വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

ഖാദിമേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം

17 (*194) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : രാജ്യം കാണുന്ന ഏറ്റവും ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് ഖാദി മേഖല കടന്നുപോകുന്നതെന്ന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഖാദി മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഖാദി കമ്മീഷനും സംസ്ഥാന ഖാദി മേഖലയ്ക്ക് നൽകിവന്നിരുന്ന എതെല്ലാം സാമ്പത്തിക സഹായങ്ങളാണ് ഇപ്പോൾ നിർത്തലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഖാദി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കേന്ദ്രത്തിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഇ) ഖാദി തുണികൾ വിറ്റഴിക്കുന്നതിനും റിബേറ്റ് കുടിശ്ശിക നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഉണ്ട്. ഖാദിമേഖലയിലെ നൂല്പുകാർക്ക് മുടങ്ങാതെ തൊഴിൽ ലഭിക്കുന്നതിനായി കൃത്യമായി സ്റ്റൈവർ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ചർക്കകൾക്കും തറികൾക്കും ആവശ്യമായ സ്പെയർ പാർട്സ് വിതരണം ചെയ്യുന്നുണ്ട്. ഉല്പാദന രംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും പുതിയ ഇനം തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുന്നതിനും സാധിച്ചു. ഖാദിഗ്രാമവ്യവസായ കമ്മീഷണറേറ്റ് ആവിഷ്കരിച്ച ഇൻഷ്വറൻസ് പദ്ധതിയായ 'ജനശ്രീ ഭീമയോജന' നടപ്പിലാക്കാൻ തൊഴിലാളികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഖാദിഗ്രാമവ്യവസായ കമ്മീഷൻ ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്.

ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകി. തൊഴിലാളികൾക്ക് നൂൽപു-നെയ്ത്തു പരിശീലനം നൽകി വരുന്നുണ്ട്.

ഖാദിത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളായ സ്ത്രീതൊഴിലാളികളുടെയും അംഗങ്ങളായ ഖാദിതൊഴിലാളികളുടെ പെൺമക്കളുടെയും വിവാഹത്തിന് 2000 രൂപ ധനസഹായം നൽകാൻ തീരുമാനിച്ചു.

ഖാദി റിബേറ്റിനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. വിപണനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ വില്പനശാലകൾ ആരംഭിക്കുന്നതിന് നടപടികളെടുത്തു. മാർജിൻ മണി പദ്ധതിപ്രകാരം 2003-2004 വർഷം വകയിരുത്തിയിരിക്കുന്ന തുകയും കുടിശ്ശികയായിരുന്ന തുകയും ഉൾപ്പെടെ 10.07 കോടി രൂപ ബോർഡിന് നൽകി. ആയത് വിതരണം ചെയ്തിട്ടുണ്ട്. 2004-05 വർഷത്തിൽ 1.90 കോടി രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

പലിശ സബ്സിഡി പദ്ധതിയനുസരിച്ചുള്ള കുടിശ്ശിക തീർക്കുന്നതിനായി 130 ലക്ഷം രൂപ അനുവദിയ്ക്കാൻ തീരുമാനമായിട്ടുണ്ട്.

(ബി) ഇപ്പോൾ നിർത്തലാക്കിയിട്ടില്ല.

(സി&ഡി) ഉണ്ട്. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 2003-04 സാമ്പത്തിക വർഷം മാർജിൻമണി പദ്ധതിയ്ക്കായി അനുവദിച്ചിരുന്ന 449.42 ലക്ഷം രൂപ വർദ്ധിപ്പിച്ച് 1007.00 ലക്ഷം രൂപ നൽകി. റിബേറ്റിനു പകരം മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് നടപ്പാക്കാനുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷണറേറ്റിന്റെ തീരുമാനം 31-3-2005 വരെ മാറ്റിവയ്പ്പിക്കാനും കഴിഞ്ഞ വർഷങ്ങളിലേതുപോലെ റിബേറ്റ് തുടർന്ന് നൽകാനും സാധിച്ചിട്ടുണ്ട്.

(ഇ) ഖാദി വിപണനം മെച്ചപ്പെടുത്തുന്നതിന് എറണാകുളം ജില്ലയിലെ കലൂരിൽ ഒരു മേജർ ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഖാദിഗ്രാമവ്യവസായ കമ്മീഷന്റെ സഹായത്തോടെ പ്രദർശന വിപണനമേളകൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ അടൂരിലും, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ടൗണിലും പുതിയ വില്പനശാലകൾ ആരംഭിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിച്ചുവരുന്നുണ്ട്. 13-10-2004-ൽ ബഹു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ ഖാദി റിബേറ്റ് കുടിശ്ശികയായിട്ടുള്ള തുക ഗഡുക്കളായി നൽകാനും അതിൽ ഒരു നിശ്ചിതവിഹിതമെങ്കിലും ഈ സാമ്പത്തികവർഷം തന്നെ നൽകുന്നകാര്യവും പരിഗണിയ്ക്കാമെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. അടുത്തവർഷം ആവർഷത്തേയ്ക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുമെന്നും തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകൾക്കാവശ്യമായ തുണിത്തരങ്ങൾ ഖാദിമേഖലയിൽ നിന്നും വാങ്ങുന്നതു സംബന്ധിച്ച് നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിച്ചു വരുന്നു.

ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും പരിപാലനവും

18 (*195) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷിംഗ് ഹാർബറുകളുടെ പരിപാലനവും പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും സംബന്ധിച്ച് സർക്കാർ അവലോകനം നടത്തുകയുണ്ടായോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം ഫിഷിംഗ് ഹാർബറുകളെ സംബന്ധിച്ചാണ് സാധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് ലഭിക്കാൻ കാത്തിരിക്കുന്ന ഹാർബർ പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഫിഷിംഗ് ഹാർബറുകളുടെ പരിപാലനവും പുതിയ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണവും സംബന്ധിച്ച് സർക്കാർ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) പൊന്നാനി, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, വിഴിഞ്ഞം, നീണ്ടകര, തോട്ടപ്പള്ളി എന്നിവയാണ് നിർമ്മാണത്തിലിരിക്കുന്ന ഫിഷിംഗ് ഹാർബറുകൾ. ഇവയിൽ ഭാഗികമായി കമ്മിഷൻ ചെയ്യപ്പെട്ട നീണ്ടകരയിലും തങ്കശ്ശേരിയിലും ഡ്രഡ്ജിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ മിക്കവാറും എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സുനാമി കടൽ ക്ഷോഭത്തിന്റെ ഫലമായി കായംകുളത്തെ വെയ്ബ്രിഡ്ജിന്റെ പ്രവർത്തനം നിലച്ചതിനാൽ പുലിമുട്ടുകളുടെ പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ താഴത്തുള്ള ഭാഗത്തുള്ള പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പൊന്നാനി ഫിഷിംഗ് ഹാർബറിലെ നിർത്തിവച്ച പുലിമുട്ടു നിർമ്മാണം പുനരാരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ മുഖ്യഘടകമായ പുലിമുട്ടുകളുടെ നിർമ്മാണ ജോലിക്കുള്ള ടെന്റർ നടപടികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly